**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 988** | **10-06-2021 - ൽ മറുപടിയ്ക്ക്**

**വിദേശ കമ്പനികളുടെ കൈവശമുള്ള ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം കണയന്നൂർ വില്ലേജിൽ കൊച്ചി രാജാവ് പാട്ടത്തിന് നൽകിയ എത്ര ഏക്കർ ഭൂമിയാണ് 1947-ന് ടാറ്റ കൈവശം വച്ചിരുന്നതെന്നും അത് സംബന്ധിച്ച താലൂക്ക് ലാൻഡ് ബോർഡിന്റെ ഉത്തരവ് എന്തായിരുന്നുവെന്നും അറിയിക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്ക് കണയന്നൂർ വില്ലേജിൽ 1947-ൽ കൊച്ചി രാജാവ് പാട്ടത്തിന് കൊടുത്ത 54.33825 ഏക്കർ ഭൂമിയാണ് ടാറ്റാ കമ്പനി കൈവശം വെച്ചിരുന്നത്. ബോംബെ ഹൈക്കോടതിയുടെ 333/93-ാം നമ്പർ കേസിലെ വിധി പ്രകാരം ടാറ്റ ഓയിൽ മിൽ കമ്പനിയുടെ സ്വത്തുക്കൾ M/s ഹിന്ദുസ്ഥാൻ ലിവർ കമ്പനിയിൽ അമാൽഗമേറ്റ് ചെയ്യാൻ ഉത്തരവായതിനെ തുടർന്നു പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം ഹിന്ദുസ്ഥാൻ ലിവർ കമ്പനിക്ക് ലഭിച്ചിട്ടുള്ളതാണ്. പ്രസ്തുത കമ്പനിക്കെതിരെ ആരംഭിച്ച മിച്ചഭൂമി കേസിൽ കണയന്നൂർ താലൂക്ക് ലാൻഡ് ബോർഡിന്റെ 22/09/2020 ലെ എൽ-12445/75 നമ്പർ ഉത്തരവ് പ്രകാരം 53.21.825 ഏക്കർ ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 1971-ൽ സർക്കാർ വിദേശ തോട്ടങ്ങൾ ദേശസാൽക്കരിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് എത്ര ഏക്കർ ഭൂമിയാണ് വിദേശ കമ്പനികളുടെ കൈവശമുള്ളത് എന്ന് വിശദമാക്കാമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | "1971-ൽ സർക്കാർ വിദേശ തോട്ടങ്ങൾ ദേശസാൽക്കരിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിച്ച കമ്മിറ്റി"യുടെ റിപ്പോർട്ട് ലഭിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ ഓഫീസ്, സ്റ്റേറ്റ് ലാൻഡ് ബോർഡ് ഓഫീസ്, എല്ലാ ജില്ലാ കളക്ടർമാർ, സെക്രട്ടറിയേറ്റ് സെൻട്രൽ ലൈബ്രറി, നിയസഭാ ലൈബ്രറി/ ആർക്കൈവ്സ്, നിയമ വകുപ്പ് ലൈബ്രറി, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, സെക്രട്ടറിയറ്റ് റവന്യൂ വകുപ്പിലെ എല്ലാ സെക്ഷനു കൾ, പൊതുഭരണ (നോർത്ത്, സൗത്ത്) റെക്കോർഡ്സ്, ആർക്കൈവ്സ് ഡയറക്റ്ററേറ്റ്, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, വനം വകുപ്പ് എന്നിവിടങ്ങളിൽ നിന്നും ഈ സംബന്ധിച്ച വിവരത്തിനായി കത്തിടപാടുകൾ നടത്തിയെങ്കിലും വിവരം ലഭ്യമല്ല എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. റിപ്പോർട്ട് ലഭിക്കുന്നതിനുള്ള സാധ്യമായ |

| | | | | |
|---|---|---|---|---|
| | | | | എല്ലാ പരിശ്രമങ്ങളും ഇതിനായി നടത്തിയിട്ടുണ്ട്. എന്നാൽ റിപ്പോർട്ട് ലഭ്യമായിട്ടില്ല.<br><br>1971-ൽ സർക്കാർ നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓർഡിനൻസിലൂടെ സംസ്ഥാനത്ത് സ്വാതന്ത്ര്യത്തിനു മുൻപ് വിദേശ കമ്പനികളും പൗരന്മാരും കൈവശം വച്ചിരുന്ന ഭൂമി ദേശസാൽക്കരിക്കുന്നതിനുള്ള ശ്രമം സർക്കാർ തലത്തിൽ നടന്നിരുന്നുവെങ്കിലും പ്രസ്തുത നടപടി വിജയിച്ചിട്ടില്ല. എന്നാൽ ആയതിനു മുൻപ് പാസ്സാക്കിയിട്ടുള്ള 1955-ലെ Edavagai Rights Acquisition Act, 1963-ലെ കേരള ഭൂപരിഷ്കരണ നിയമം, 1971-ലെ Kannan Devan Hills (Resumption of Land Act), 1980ലെ Kerala Leases & Grants (Modification of Rights) Act, Kerala Land Conservancy Act എന്നീ നിയമങ്ങൾ ഫലപ്രദമായി ഉപയോഗിച്ചാൽ വിദേശ കമ്പനികളും പൗരന്മാരും കൈവശം വച്ചിരിക്കുന്ന ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കാൻ സാധിക്കും. എന്നാൽ Kerala Land Conservancy Act പ്രകാരം ഇതിനുള്ള നടപടികൾ ആരംഭിച്ചപ്പോൾ ബഹു. ഹൈക്കോടതി ഈ വിഷയത്തിൽ സർക്കാരിനോട് സിവിൽ കേസുകളിലൂടെ ഭൂമിയുടെ ഉടമസ്ഥത ആദ്യം തെളിയിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ 06/06/2019-ലെ സ.ഉ.(സാധാ.) 172/2019/റവ. ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ആയിരക്കണക്കിനേക്കർ തോട്ടഭൂമിയുടെ right, title & interest സർക്കാരിൽ നിലനിർത്തുന്നതിന് സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം വിവിധ സിവിൽ കോടതികളിലായി 12 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

625

## കണയന്നൂർ താലൂക്ക് ലാൻഡ് ബോർഡിന്റെ നടപടിക്രമം

എൽ-12445/75 തീയതി : 22/09/2020

ഹാജരായവർ :- 1. ഡോ. ഹാരിസ് റഷീദ്, I.A.S ചെയർമാൻ & സബ് കളക്ടർ, ഫോർട്ട് കൊച്ചി

2. ബീന. പി.ആനന്ദ്, കണയന്നൂർ തഹസിൽദാർ

3. പി.വി. ചന്ദ്രബോസ്, മെമ്പർ

4. സി.എക്സ്.ബോസ്ക്കോ മെമ്പർ

വിഷയം : - കേരള ഭൂപരിഷ്ക്കരണം ചട്ടം - മെ.ഹിന്ദുസ്ഥാൻ ലിവർ കമ്പനിക്കെതിരെയുള്ള മിച്ചഭൂമി നടപടി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :

1. N.R ശങ്കർ, അസിസ്ററന്റ് മാനേജർ,ടാററാ ഓയിൽ മിൽ കമ്പനി നൽകിയ സെക്ഷൻ 85 എ പ്രകാരമുള്ള സ്റേററ്മെന്റ്.
2. ലാൻഡ് ബോർഡിന്റെ 11.05.1998 ലെ എൽ.ഡിസ് എൽ.ബി (ഡി)1 1938/98 നമ്പർ നടപടിക്രമം.
3. കണയന്നൂർ താലൂക്ക് ലാന്റ് ബോർഡിന്റെ 14.06.1999- ലെ എം.12445/75 നമ്പർ നടപടിക്രമം.
4. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ C.R.P 1591/99 നമ്പർ കേസിലെ 23.05.2005 ലെ ഉത്തരവ്.
5. ഈ ഓഫീസിൽ നിന്നും നൽകിയ മേൽനമ്പർ വിചാരണ നോട്ടീസുകൾ
6. 02.07.2020 ന് ഈ ഓഫീസിൽ നൽകിയ മേൽനമ്പർ Draft Statement (Form No.2) (Form No.3)
7. ഹിന്ദുസ്ഥാൻ ലിവർ കമ്പനി 14.09.2020 - ൽ നൽകിയ ആക്ഷേപം.

Mr. N.R ശങ്കർ, അസിസ്റററന്റ് മാനേജർ,ടാററാ ഓയിൽ മിൽ കമ്പനി ലിമിറ്റഡ്( TOMCO) ടാററാപുരം, കൊച്ചി-14 എന്നയാൾ ടാററാ ഓയിൽ മിൽ കമ്പനിയുടെ ഭൂമിയുടെ വിവരങ്ങൾ ഫോം നം.1 ൽ( Statement under Sec. 85(2) പ്രകാരം) 05.12.1972 ന് സ്റേററ്മെന്റ് സമർപ്പിച്ചിരുന്നു. ആയത് പ്രകാരം എറണാകുളം വില്ലേജിൽ നിരവധി സർവ്വെ നമ്പറുകളിലായി 53.69.625 ഏക്കർ സ്ഥലവും കോഴിക്കോട് നഗരം വില്ലേജിൽ T. Sy. 182,183,184 എന്നീ നമ്പറുകളിലായി 2.72000 ഏക്കർ സ്ഥലവും അമ്പലപ്പുഴ താലൂക്ക് ആര്യാട് സൗത്ത് (നിലവിൽ കോമളപുരം)വില്ലേജിൽ Sy. 180 1 B, 2A, 2A2, 2B,181/1 A, 1B,2 എന്നീ നമ്പറുകളിലായി 7.93.000 ഏക്കർ സ്ഥലവും കൂടി ആകെ 64.34.625 ഏക്കർ സ്ഥലം ടാററാ ഓയിൽ മിൽ കമ്പനി പേരിലുണ്ട്. ഡെപ്യൂട്ടി തഹസിൽദാർ (എൽ.ആർ) ടെ റിപ്പോർട്ട് പ്രകാരം എറണാകുളം വില്ലേജിൽ 7.33.825 ഏക്കറും ആര്യാട് സൗത്ത് വില്ലേജിൽ 7.93.000 ഏക്കറും കൂടി ആകെ 15.26825 ഏക്കർ ഭൂമി സറണ്ടർ ചെയ്യണമെന്ന് കാണിച്ച് ജി-12445/75 നമ്പറായി ഫോറം നമ്പർ 2 (ഡ്രാഫ്ററ് സ്റ്റേററ്മെന്റ്) ഫോറം നം.3 (വിചാരണ നോട്ടീസ്) എന്നിവ 10.07.1976 ൽ നൽകുകയുണ്ടായി. അതിനെതിരെ കമ്പനിയുടെ കൈവശത്തിലുള്ള ഭൂമിയൊന്നും സറണ്ടർ ചെയ്യേണ്ട ആവശ്യമില്ലായെന്നും സെക്ഷൻ 81 പ്രകാരം ഒഴിവാക്കണമെന്നും കാണിച്ച് 30.07.1976 ൽ കമ്പനി ആക്ഷേപം ഫയൽ ചെയ്തു. തുടർന്ന് മിച്ചഭൂമി ഏറെറടുക്കുന്നതിനുള്ള നടപടികൾ ഒഴിവാക്കുകയും ചെയ്തു.

ബോംബെ ഹൈക്കോടതിയുടെ 333/93 നമ്പർ കേസിലെ വിധി പ്രകാരം ടാററാ ഓയിൽ മിൽ കമ്പനിയുടെ സ്വത്തുക്കൾ മെ.ഹിന്ദുസ്ഥാൻ ലിവർ കമ്പനിയിൽ അമാൽഗമേററ് ചെയ്യാൻ ഉത്തരവായി. ആയത് പ്രകാരം ടാററാ ഓയിൽ മിൽ കമ്പനിയുടെ വസ്തുക്കളുടെ ഉടമസ്ഥാവകാശം ഹിന്ദുസ്ഥാൻ ലിവർ കമ്പനിക്കായി.

11.05.1998 ലെ എൽ.ഡിസ് എൽ.ബി (ഡി)1-1938/98 നമ്പർ ഉത്തരവ് പ്രകാരം മെ.ഹിന്ദുസ്ഥാൻ ലിവർ കമ്പനിക്കെതിരെ സുവോ മോട്ടോ ആയി TLB കേസ് എടുക്കാനും ഏറെറടുക്കേണ്ട ഭൂമി നിർണ്ണയിക്കുവാനും സ്റേററ് ലാൻഡ് ബോർഡ് സൂചന (2) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

തുടർന്ന് ഹിന്ദുസ്ഥാൻ ലിവറിനെതിരെ മിച്ചഭൂമി കേസ് പുനരാരംഭിക്കുകയും 5.5.1999 ൽ ഡ്രാഫ്ററ് സ്റേററ്മെന്റ് (ഫോറം നം.2) നൽകുകയും ആയതിനെതിരെ കമ്പനി 07.06.99ന് ആക്ഷേപം ബോധിപ്പിക്കുകയും ചെയ്തു. അതിൽ എറണാകുളത്തേയും കോഴിക്കോടിലേയും ഭൂമി സെക്ഷൻ 81 പ്രകാരം ഒഴിവാക്കേണ്ടതാണെന്നും ആലപ്പുഴയിലെ ഭൂമി സീലിംഗ് പരിധിയിൽ താഴെയാണെന്നും (7.93 ഏക്കർ) മററും ബോധിപ്പിച്ചു. 14.06.99ന് കമ്പനിയിലെ വിചാരണ നടത്തുകയും കമ്പനിയുടെ കൈവശത്തിലുള്ള ആകെ സ്ഥലമായ 65.21825 ഏക്കറിൽ നിന്നും കോഴിക്കോട്ടുള്ള ഭൂമി (2.72000 ഏക്കർ മുഴുവനും ഫാക്ടറിയാണ്) പൂർണ്ണമായി ഒഴിവാക്കിയും അമ്പലപ്പുഴയിലെ ഭൂമി 23.000 സെന്റ് (റോഡിന് പോയത്) ഒഴിവാക്കിയും എറണാകുളത്തെ ഭൂമിയിൽ നിന്നും 47.00.000 ഏക്കർ (35.00000 ഏക്കർ ഫാക്ടറിയും 12 ഏക്കർ സീലിംഗ് ഏരിയയും ) ഭൂമിയും ഒഴിവാക്കി ബാക്കിയുള്ള 15.26.825 ഏക്കർ ഭൂമി (7.33825 എറണാകുളം + 7.93000 അമ്പലപ്പുഴ) ഏറെറടുത്ത് കൊണ്ട് 14.6.1999ന് സൂചന (3) പ്രകാരം ഉത്തരവാകുകയും ചെയ്തു.

മേൽ ഉത്തരവിനെതിരെ ഹിന്ദുസ്ഥാൻ ലിവർ കമ്പനി ബഹു.ഹൈക്കോടതിയിൽ C.R.P 1591/99 നമ്പർ കേസ് ഫയൽ ചെയ്യുകയും സ്റേറ ലഭിക്കുകയും ചെയ്തു. ടി കേസിൽ 23.05.2005 ൽ ഉണ്ടായ വിധിയിൽ താലൂക്ക് ലാൻഡ് ബോർഡിന്റെ ഉത്തരവ് set aside ചെയ്യുകയും പുതിയ അപേക്ഷ എന്ന നിലയ്ക്ക് പരിഗണിക്കാനും ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിൽ (Para 12) "The order passed by the TLB is not proper. It shall consider the purpose for which acquisition was made the order of acquisition report of the authorized officer and other facts and then come to the conclusion as to whether any land is in excess. Hence I

set aside the order passed by the Taluk Land Board and direct the Taluk Land Board to consider the matter afresh after hearing the parties എന്ന് സൂചന (4) പ്രകാരം പരാമർശിച്ചിട്ടുണ്ട്.

C.R.P ലെ വിധിക്കു ശേഷം പുതിയ കേസ് എന്ന നിലയ്ക്ക് തുടങ്ങാനായി തീരുമാനിക്കുകയും 17.08.2005 ന് ഹിന്ദുസ്ഥാൻ ലിവർ കമ്പനിയെ വിചാരണയ്ക്ക് വിളിക്കുകയും ചെയ്തു. കമ്പനിയുടെ പ്രതിനിധി സ്റേറററ്മെന്റ് സമർപ്പിക്കുവാനും രേഖകൾ ഹാജരാക്കുവാനും ഒരു മാസം സമയം ചോദിച്ചു. 20.09.2005 ന് സമർപ്പിക്കുവാൻ പറഞ്ഞെങ്കിലും 4 ആഴ്ച കൂടി സമയം നീട്ടി ചോദിച്ചു. 19.10.2005 ൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ച് കമ്പനിക്ക് നോട്ടീസ് നൽകി കമ്പനിയുടെ സ്റേററ്മെന്റ് ലഭിച്ചതിനുശേഷം 21.12.2005 – ൽ വീണ്ടും വിചാരണയ്ക്ക് വിളിക്കുകയും തീരുമാനം ആകാതിരുന്നതിനെ തുടർന്ന് 18.01.2006, 08.02.2006. 2006 ലെ നിയമസഭാ തെരെഞ്ഞെടുപ്പിന് ശേഷം 22.11.2006, 24.01.2007 എന്നീ തീയതികളിൽ കൂടി കമ്പനിയെ വിചാരണയ്ക്ക് വിളിക്കുകയും ചെയ്തു.

14.06.1999 ലെ താലൂക്ക് ലാൻഡ് ബോർഡിന്റെ ഉത്തരവിൽ കമ്പനിക്ക് ഒഴിവാക്കി കൊടുത്ത (ഫാക്ടറിയുടെ പ്രവർത്തനത്തിന് ആവശ്യമെന്ന് തോന്നി ഒഴിവാക്കിയ 35.00000 ഏക്കറും സീലിംഗ് പരിധിയായ 12.00000 ഏക്കറും കൂടിയ 47.00000 ഏക്കറിൽപ്പെട്ട) ഭൂമിയിൽ ഉത്തരവിറങ്ങി മാസങ്ങൾക്കുള്ളിൽ അപ്പാർട്ട്മെന്റുകളും വില്ലകളും നിർമ്മിക്കാനുള്ള പെർമിററ് കരസ്ഥമാക്കുകയും ചെയ്തു. 54 അപ്പാർട്ട്മെന്റുകൾ നിർമ്മിക്കാനുള്ള പെർമിററ് 17.01.2000 ലും 48 അപ്പാർട്ട്മെന്റുകൾ കൂടി നിർമ്മിക്കാനുള്ള പെർമിററ് 10.04.2000 ലും കൊച്ചി നഗരസഭയിൽ നിന്നും ലഭിച്ചു. തുടർന്ന് അപ്പാർട്ട്മെന്റുകൾ നിർമ്മിക്കുകയും ആയത് സ്വകാര്യ വ്യക്തികൾക്ക് വിൽക്കുകയും ചെയ്തു. കെട്ടിട നിർമ്മാണം പൂർത്തിയായ സമയത്ത് ഒക്യുപൻസി സർട്ടിഫിക്കററ് കോർപ്പറേഷൻ റദ്ദ്ചെയ്തതും അപ്പാർട്ട്മെന്റ് വിൽപ്പനയ്ക്കുള്ള ആധാരം രജിസ്ററർ ചെയ്യാൻ സബ് രജിസ്ട്രാർ ഓഫീസർ വിസമ്മതിക്കുക തുടങ്ങിയ നിരവധി വിഷയങ്ങൾ ഉണ്ടാവുകയും ആയതെല്ലാം ഹൈക്കോടതിയിൽ കേസുകളും

അപ്പീലുകളും കൊടുത്ത് കമ്പനി നേടിയെടുക്കുകയുമാണ് ചെയ്തത്. കമ്പനി ബഹു.ഹൈക്കോടതിയിൽ WP(C ) 2445/04, 16224/03 നമ്പറുകളിലായി 2 കേസുകൾ ഫയൽ ചെയ്യുകയും കമ്പനിയുടെ ആധാരങ്ങൾ രജിസ്ററർ ചെയ്യാനുള്ള അനുവാദവും നിർദ്ദേശവും ലഭിക്കുന്നതിനും കൊച്ചി നഗരസഭ കമ്പനി വസ്തുവിൽ ചില നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയതിനും എതിരെയാണ് പ്രസ്തുത കേസുകൾ ഫയൽ ചെയ്യപ്പെട്ടത്. ടി കേസുകളിൽ കമ്പനിക്ക് അനുകൂലമായി വിധി ഉണ്ടായി WP(C) 16224/03 വിധിക്കെതിരെ കൊച്ചി നഗരസഭയും സംസ്ഥാന സർക്കാരും വാദിയായി റിട്ട് അപ്പീൽ 233/07, 408/07 ഫയൽ ചെയ്തു. WP(C ) 2445/04 നമ്പർ കേസിലെ വിധിക്കെതിരെ സബ് രജിസ്ട്രാർ, എറണാകുളം WA.234/07 ഫയൽ ചെയ്തു.

ടി അപ്പീലുകൾ ബഹു.ഹൈക്കോടതിയുടെ 15.03.2007 ലെ പൊതുവായ വിധിയിൽ കമ്പനിക്ക് അനുകൂലമായ വിധി പ്രസ്താവിച്ചു. മേൽപ്പറഞ്ഞ കേസുകളിൽ അപ്പീൽ വിധി വരുന്നതു വരെ TLB വിചാരണ മാററി വക്കുവാൻ നിയമോപദേശം ലഭിച്ചതിനാൽ കമ്പനിയുടെ പേരിലുള്ള മിച്ചഭൂമി കേസിൽ പിന്നീട് വിചാരണ നടത്തുവാൻ കഴിഞ്ഞില്ല. മേൽ പറഞ്ഞ കേസുകളിൽ പ്രതിപാദിക്കുന്ന കെട്ടിടങ്ങളും രജിസ്ററർ ചെയ്യാൻ വന്ന ആധാരങ്ങളും മിച്ചഭൂമിയായി ഏറെറടുത്ത സ്ഥലത്താണോ അല്ലയോ എന്നതായിരുന്നു മുഖ്യ വിഷയം. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നത് ലാൻഡ്ബോർഡ് ഏറെറടുക്കുവാൻ ഉത്തരവായ സ്ഥലത്തല്ല എന്ന് കോടതിക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

വാണിജ്യ ആവശ്യത്തിനുള്ളതിനാൽ എറണാകുളത്തെ ഭൂമി മിച്ചഭൂമി ഏറെറടുക്കൽ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നാണ് കമ്പനിയുടെ ആവശ്യം. 14.06.99 ലെ ഉത്തരവിന് മുമ്പ് നടന്ന ഹിയറിംഗിൽ ഫാക്ടറിയുടെ ഭാവി വികസനങ്ങൾക്കായി എറണാകുളത്തെ മുഴുവൻ സ്ഥലവും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു.

കൊച്ചി രാജ്യത്ത് ദിവാൻ പേഷ്കാർ ടാററാ ഓയിൽ മിൽ കമ്പനിക്ക് വേണ്ടി പൊന്നുംവിലയ്ക്ക് എടുത്തതാണ് എറണാകുളത്തെ സ്ഥലം. 1895 ലെ cochin land acquisition act പ്രകാരം 1918 ലാണ് എറണാകുളം വില്ലേജിലെ സ്ഥലം പൊന്നുംവിലയ്ക്ക് എടുത്ത് നൽകിയതെന്നും ആയത് ടാററാ ഓയിൽ മിൽ കമ്പനി സ്ഥാപിക്കുന്നതിനായി കൈമാറിയിട്ടുള്ളതാണ്. വ്യാവസായിക ആവശ്യത്തിന് മാത്രമായി ഏറെറടുത്ത് നൽകിയ സ്ഥലം നിലവിൽ ടി ആവശ്യത്തിന് ഉപയോഗിക്കുന്നില്ല എന്ന് കാണിച്ച് എറണാകുളത്തെ 53.96 ഏക്കർ സ്ഥലവും തിരിച്ച് എടുക്കാൻ 10.6.2008 ൽ എൽ 4-11638/03 നമ്പറായി ജില്ലാ കളക്ടർ എറണാകുളം നോട്ടീസ് നൽകുകയും അതിനെതിരെ കമ്പനി WP(C )19346/08 നമ്പർ കേസ് ഫയൽ ചെയ്യുകയും ടി കേസിൽ 17.01.2011 ലെ വിധിക്കെതിരെ WA.377/2011 ഫയൽ ചെയ്യുകയും ചെയ്തു. ടി WA. കേസ് ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്നതിനാൽ ലാൻഡ് ബോർഡ് കേസിന്റെ തീരുമാനം നീണ്ടു പോയിട്ടുള്ളതാണ്. ടി കേസുമായി ബന്ധപ്പെട്ട് കൊച്ചി രാജാവും കമ്പനിയും തമ്മിലുള്ള കരാർ, പൊന്നുംവിലയുടെ രേഖകൾ, Assessment പ്രകാരമുള്ള രസീത് കോപ്പി മുതലായ നിരവധി പുരാതന രേഖകൾ ലഭ്യമാക്കാൻ GP നിർദ്ദേശിച്ചതിനാൽ ആയവ ശേഖരിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളതാണ്. ജില്ലാ കളക്ടർ ടി ഭൂമി തിരിച്ച് പിടിക്കാനായി നടപടികൾ ഒന്നും എടുക്കരുത് എന്ന് നിർദ്ദേശിച്ചും കമ്പനിയെ വിചാരണ ചെയ്തതിന് ശേഷം നിയമാനുസൃത നടപടികൾ സ്വീകരിക്കാം എന്ന് നിർദ്ദേശിച്ച് കൊണ്ട് ടി WA. 11.01.2018 – ൽ വിധിയായിട്ടുള്ളതാണ്.

എറണാകുളത്തെ അപേക്ഷാ സ്ഥലം മുഴുവൻ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നു എന്ന ഓതറൈസ്ഡ് ഓഫീസറുടെ 25.08.97 ലെ റിപ്പോർട്ട് പരിശോധിക്കുന്നതിനായി കണയന്നൂർ താലൂക്ക് ലാൻഡ് ബോർഡ് ചെയർമാനും അംഗങ്ങളും സർവ്വെയർ, വില്ലേജ് ഓഫീസർ എന്നിവർ സഹിതം സ്ഥലപരിശോധന നടത്തിയിട്ടുള്ളതാണ്. അപേക്ഷാ സ്ഥലത്ത് പടിഞ്ഞാറ് വശത്തുള്ള കമ്പനി കെട്ടിടത്തിൽ പാക്കേജിംഗ് യൂണിററ് പ്രവർത്തിക്കുന്നു അവിടെ ഓയിൽ നിർമ്മിക്കുകയോ ശുദ്ധീകരിക്കുകയോ സോപ്പുണ്ടാക്കുകയോ മററൊ

ചെയ്യുന്നില്ല. പാക്കിംഗ് ജോലികൾ മാത്രമാണ് ഇവിടെ നടക്കുന്നത്. മററ് സംസ്ഥാനങ്ങളിലെ ഫാക്ടറികളിൽ നിർമ്മിക്കുന്ന ഉൽപ്പന്നം ഇവിടെ കൊണ്ട് വന്ന് പാക്ക് ചെയ്യുകയും പെട്ടികളിലാക്കി കയററി പോവുകയും ആണ് ചെയ്യുന്നത്. TOMCO ആയിരുന്ന സമയത്ത് ഉപയോഗിച്ചിരുന്നതും പ്രവർത്തിച്ചിരുന്നതുമായ സംഭരണികളും മററും നിലവിൽ 'Not in use' എന്ന് രേഖപ്പെടുത്തി നാശോന്മുഖമായി കിടക്കുന്നതാണ് കാണുന്നത്. ഫാക്ടറിയും മററ് അനുബന്ധ കെട്ടിടങ്ങളും ഇരിക്കുന്ന 10 ഏക്കറോളം സ്ഥലം ഒഴിച്ച് ബാക്കി ചമങ്ങളൊന്നുമില്ലാതെ കിടക്കുന്നതായാണ് കാണുന്നത് വർഷങ്ങൾക്ക് മുമ്പ് നൂറ് കണക്കിന് തൊഴിലാളികൾ പണിയെടുത്ത ടി സ്ഥാപനത്തിൽ നിലവിൽ നാമമാത്രമായ ജീവനക്കാരാണ് ഉള്ളത്. സ്ഥാപനം അടച്ച് പോയാൽ ടി സ്ഥലം സർക്കാർ ഏറെറടുക്കുന്നത് ഒഴിവാക്കാൻ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്താതെ പാക്കിംഗ് പോലുള്ള ജോലികൾ മാത്രമാണ് ടി അവിടെ നടക്കുന്നത്. അവിടെയുള്ള ക്വാർട്ടേഴ്സുകളുടെയും മററ് കെട്ടിടങ്ങളുടെയും അവസ്ഥ പരിശോധിച്ചാൽ ഇക്കാര്യം ബോധ്യമാകും. ഹിന്ദുസ്ഥാൻ യൂണിലിവർ എന്ന പബ്ളിക്ക് ലിമിററഡ് കമ്പനി വലിയ സ്ഥാപനവും കോടി കണക്കിന് രൂപയുടെ ബിസിനസ്സും ലാഭവും ഉണ്ടാക്കുന്ന കമ്പനിയാണ് വരുമാനവും ലാഭവും വർഷം തോറും വർദ്ധിക്കുന്നുണ്ടെങ്കിലും എറണാകുളം ടാററാപുരത്തെ സ്ഥാപനത്തിന്റെ അവസ്ഥ നാൾതോറും ക്ഷയിച്ച് വരികയാണ്. എറണാകുളം പട്ടണത്തിന്റെ തൊട്ടടുത്തുള്ള ഈ സ്ഥലത്തിന്റെ Real Estate Value കണക്കിലെടുത്താണ് സ്ഥാപനം ഇപ്പോഴും പൂർണ്ണമായും നിർത്താത്തത്. ക്വാർട്ടേഴ്സ്, വെയർഹൗസുകൾ വർക്ക് ഷോപ്പ് എന്നീ കെട്ടിടങ്ങൾ നശിച്ച് കൊണ്ടിരിക്കുകയാണ്. യാതൊരു വിധ വ്യവസായിക/വാണിജ്യ പ്രവർത്തനങ്ങളും നടക്കുന്നില്ല. കമ്പനിയുടെ വികസന പ്രവർത്തനങ്ങൾക്കായി സ്ഥലം ആവശ്യമുണ്ടെന്ന് കമ്പനി പറയുന്നുണ്ടെങ്കിലും കഴിഞ്ഞ 30 വർഷങ്ങമായി യാതൊരു വിധ വികസന പ്രവർത്തനങ്ങളും നടത്തിയിട്ടില്ല. കമ്പനി നടത്തിയ നിർമ്മാണ പ്രവർത്തനം എന്നത് അപ്പാർട്ട്മെന്റുകൾ നിർമ്മിച്ച് വിൽപ്പന നടത്തിയത് മാത്രമാണ്.14.06.99 ലെ താലൂക്ക് ലാൻഡ് ബോർഡിന്റെ ഉത്തരവിൽ

ഫാക്ടറിയുടെ ആവശ്യത്തിനായി ഒഴിവാക്കി കൊടുത്ത എറണാകുളത്തെ ഭൂമി യിലാണ് ഉടൻ തന്നെ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി വാങ്ങി അപ്പാർട്ട്മെന്റുകളും റോഡുകളും മററും TATA GREEN ACRES എന്ന പേരിൽ നിർമ്മിച്ച് കമ്പനി വിൽപ്പന നടത്തിയിട്ടുള്ളത് ഫാക്ടറി പ്രവർത്തനം പേരിന് മാത്രം നടക്കുന്ന സ്ഥലത്ത് കെട്ടിടങ്ങളും മററും നിർമ്മിച്ച് വിൽപ്പന നടത്തുന്നതിനാണ് എറണാകുളത്തെ സ്ഥലം ഒഴിവാക്കി കൊടുക്കണമെന്ന ആവശ്യത്തിന് പിന്നിൽ

27.09.2019 ൽ ഹിന്ദുസ്ഥാൻ യൂണിലിവർ കമ്പനിക്ക് വിചാരണ നോട്ടീസ് നൽകി. കമ്പനി സമയം ചോദിച്ചു തുടർന്ന് 06.11.2019 ൽ വിചാരണ നടന്നു രേഖകൾ സമർപ്പിക്കുവാൻ കൂടുതൽ സമയം ആവശ്യപ്പെട്ടു. 20.11.2019 ന് വീണ്ടും വിചാരണയ്ക്ക് വിളിച്ചു മിച്ചഭൂമി ഏറെറടുക്കുന്നതിന്റെ ഭാഗമായുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനായി 02.07.2020 ന് Draft Statement (Form No.2) വിചാരണ നോട്ടീസ് (Form No.3) എന്നിവ സൂചന (6) പ്രകാരം നൽകി നോട്ടീസിൽ 23/07/2020 ന് വിചാരണയ്ക്ക് ഹാജരാകുവാൻ നിർദ്ദേശി ച്ചിരുന്നു. എന്നാൽ ടി സമയത്ത് RDO ഓഫീസ് സ്ഥിതി ചെയ്യുന്ന പ്രദേശം കണ്ടെയിൻമെന്റ് സോൺ ആയതിനാൽ കക്ഷിക്ക് ഹാജരാകുവാൻ സാധിച്ചില്ല. കമ്പനി ഒരു മാസത്തെ സമയം ചോദിച്ചു. തുടർന്ന് വീണ്ടും വിചാരണ 24.08.2020 ന് നിശ്ചയിച്ചു വീണ്ടും 2 മാസത്തെ സമയം ചോദിച്ച് കമ്പനി കത്ത് നൽകി ടി വിചാരണ സമയങ്ങളിൽ Draft Statement നെതിരെ കമ്പനി ആക്ഷേപം ഉന്നയിച്ചിരുന്നില്ല. 14.09.2020, 22.09.2020 എന്നീ തീയതിക ളിൽ കമ്പനിയെ വിചാരണയ്ക്ക് വിളിക്കുകയും താലൂക്ക് ലാൻഡ് ബോർഡ് യോഗം ചേരുകയും ചെയ്തു. 14.09.2020 ലെ വിചാരണ സമയത്ത് ബഹു. ഹൈക്കോടതിയുടെ C.R.P 1591/99 നമ്പർകേസിലെ വിധിയും WP(C )16224/03 WP(C)2445/04 എന്നീ കേസുകളിലെ വിധിയും പരാമർശിച്ചാണ് കമ്പനി നോട്ടീസിന് സൂചന (7) പ്രകാരം മറുപടി നൽകിയിരിക്കുന്നുത്.

641

15 വർഷങ്ങൾക്ക് ശേഷം എന്തടിസ്ഥാനത്തിലാണ് നോട്ടീസ് നൽകിയിരിക്കുന്നത് എന്നതാണ് കമ്പനി ഉന്നയിച്ച പ്രധാന വാദം. മേൽ നമ്പർ C.R.P 1591/99 നമ്പർ കേസിലെ 23.05.2005 ലെ വിധി തന്നെയാണ് ഈ നോട്ടീസിന് അടിസ്ഥാനം. മേൽ വിധിയിലെ para 12 ൽ പറയും പോലെ ഹിന്ദുസ്ഥാൻ ലിവർ കമ്പനിക്കെതിരായുള്ള മിച്ചഭൂമി കേസ്, യാതൊരുവിധ മുൻവിധികളുമില്ലാതെ പുതിയതായി പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടികൾ പൂർത്തിയാക്കുന്നതിനായിട്ടാണ് Draft Statement (Form No.2) നോട്ടീസും (Form No.3) നൽകിയിരിക്കുന്നത്.

കൊച്ചി രാജ്യത്ത് ദിവാൻ പേഷ്ക്കാർ ടാററാ ഓയിൽ മിൽ കമ്പനി സ്ഥാപിക്കുന്നതിന് വേണ്ടി നൽകിയതാണ് അപേക്ഷാ സ്ഥലം വ്യവസായിക ആവശ്യത്തിന് നൽകിയ സ്ഥലം നിലവിൽ ടി ആവശ്യത്തിന് ഉപയോഗിക്കുന്നില്ല. കമ്പനിയുടെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമുണ്ടെന്ന് കമ്പനി അവകാശപ്പെടുന്നുണ്ടെങ്കിലും യാതൊരുവിധ വികസന പ്രവർത്തനങ്ങളും ദശാബ്ദങ്ങളായി നടത്തിയിട്ടില്ല. ഓതറൈസ്ഡ് ഓഫീസറുടെ 25.08.97 ലെ റിപ്പോർട്ടിന്റെ അവസ്ഥ പരിശോധിക്കുന്നതിനായി താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻ ഉൾപ്പെടെയുള്ളവർ സ്ഥലപരിശോധന നടത്തിയിട്ടുള്ളതും ഫാക്ടറി പ്രവർത്തിക്കാത്ത നിലവിലെ അവസ്ഥയിൽ ടി റിപ്പോർട്ടിന് യാതൊരു പ്രസക്തിയുമില്ല എന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

കമ്പനി ഉന്നയിക്കുന്ന Exemption സെക്ഷനുകളായ 81(c) (K) (M) (Q) എന്നിവ പരിഗണിക്കേണ്ട സാഹചര്യം (കമ്പനി പ്രവർത്തിക്കാത്ത സാഹചര്യം) നിലവില്ലാത്തതിനാൽ ആയവയുടെ ആനുകൂല്യങ്ങൾ കമ്പനി അർഹിക്കുന്നില്ല എന്നും TLB വിലയിരുത്തുന്നു.

ഫാക്ടറിയുടെ ആവശ്യത്തിനായി 14.06.99 ലെ താലൂക്ക് ലാൻഡ് ബോർഡിന്റെ ഉത്തരവിൽ 35 ഏക്കർ സ്ഥലം സെക്ഷൻ 81 പ്രകാരവും 12 ഏക്കർ സ്ഥലം സീലിംഗ് ഏരിയ പ്രകാരവും ആയി ആകെ 47 ഏക്കർ സ്ഥലം എറണാകുളം വില്ലേജിൽ ഒഴിവാക്കി നൽകിയിരുന്നു. ടി ഒഴിവാക്കി നൽകിയ സ്ഥലം ഉടൻ തന്നെ കമ്പനി അപ്പാർട്ട്മെന്റുകളും വില്ലകളും നിർമ്മിക്കാനായി

ഉപയോഗിക്കുകയും TATA GREEN ACRES എന്ന പേരിൽ നിർമ്മാണം നടത്തുകയും ചെയ്തതിന് ശേഷം മററ് സ്വകാര്യ വ്യക്തികൾക്ക് വിൽപ്പന നടത്തുകയും ചെയ്തതും. ഫാക്ടറിയ്ക്കായി ഒഴിവാക്കി നൽകിയ സ്ഥലം ഒന്നും തന്നെ വ്യവസായിക ആവശ്യത്തിന് ഉപയോഗിച്ചില്ല എന്ന സാഹചര്യം പരിഗണിച്ചും സ്ഥല പരിശോധന നടത്തിയതിൽ ഉത്തമ ബോധ്യം വന്നതിനാലും താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

## <u>ഉത്തരവ്</u>

C.R.P 1591/99, നമ്പർ കേസിലെ 23.05.2005 ലെ വിധിയുടെ അടിസ്ഥാനത്തിൽ ഹിന്ദുസ്ഥാൻ ലിവർ കമ്പനിക്കെതിരായുള്ള മിച്ചഭൂമി കേസ്, യാതൊരുവിധ മുൻവിധികളുമില്ലാതെ പുതിയതായി ഈ ലാൻഡ് ബോർഡ് പരിഗണിക്കുകയും സ്ഥലപരിശോധനയുടേയും മുകളിൽ പറഞ്ഞ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ഇതോടൊപ്പം ചേർത്തിരിക്കുന്ന ഉത്തരവിൽ (Form No.5) ഉൾപ്പെടുത്തിയിട്ടുള്ള സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന ഭൂമികൾ മിച്ചഭൂമിയായി പ്രഖ്യാപിച്ച് സർക്കാരിലേക്ക് ഏറെറടുക്കുന്നതിനായി ഇതിനാൽ ഉത്തരവാകുന്നു.

മേൽ ഉത്തരവ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 23/05/2005 ലെ C.R.P 1591/99, നമ്പർ കേസിലെ വിധിക്ക് വിധേയമായി മുൻ വിധികളില്ലാതെ താലൂക്ക് ലാൻഡ് ബോർഡ് പുതിയതായി പരിഗണിക്കുകയും സ്ഥലപരിശോധന മുതലായവ നടത്തി കേരള ഭൂപരിഷ്ക്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമാണെന്ന് കണ്ടെത്തി ഉത്തരവായിട്ടുള്ളതാണ്.

645

ഹിന്ദുസ്ഥാൻ ലിവർ കമ്പനിയുടെ കൈവശത്തിലുള്ള ഭൂമി : 65.21.825 ഏക്കർ

(കോഴിക്കോട് നഗരം വില്ലേജ്, എറണാകുളം വില്ലേജ്,

കോമളപുരം വില്ലേജ് )

എറണാകുളം വില്ലേജ് : 54.33.825 ഏക്കർ, സർവ്വെ നമ്പർ & സബ് ഡിവിഷൻ നമ്പർ - 215/1,2,3,4,5,9,11,13, 217/1,2. 218/1,2,3,4,5,6,7,8,9. 219/1,2,3. 220/1,2,3,4. 221/1,2,3,4. 222/1,2. 223/1, 2. 224/1,2,3,4,5,6,7,8,9,10,11,12,13. 225/1,2,3,4,5,6, 226/1,2,3.227/1,2,3,4,5,6,. 228/1,3. 238/1,2,3. 239/1,2 241/1,2. 242/1,2,3,4,5,6,7,8,9,10,11. 243/2,3,4.244/1,2,3,4,5. 245/1,2,3. 246/1,2,3,4. 247/1,2,3,.. 248/1,2,3. 249/1,2,3. 250/1. 251, 252/1,2,3. 253. 254/1,2.1089, 1220, 2449, 2450, 2451, 2452, 2453, 2454, 2455 2456 2457, 2458, 2459, 2460, 2461, 2533, 2534, 2739, 2740, 2741, 2742.

കോഴിക്കോട് നഗരം വില്ലേജ് (T. Sy. 182,183,184 ) 2.72.000 ഏക്കർ,

ആര്യാട് സൗത്ത് വില്ലേജ് (ഇപ്പോഴത്തെ കോമളപുരം വില്ലേജ്) (Sy. 180 1 B, 2A, 2A2, 2B,181/1 A, 1B,2) 8.16.000 ഏക്കർ (റീസർവ്വെ പ്രകാരമുള്ളത്)

(3.27.50 Hectre)

## Grand Total Area : 65.21.825 Acres

മിച്ചഭൂമിയിൽ പരിധിയിൽ കൈവശം വയ്ക്കാവുന്ന

ഭൂമി : 12.00.00 ഏക്കർ

മിച്ചഭൂമിയായി എറണാകുളം വില്ലേജിൽ ഏറ്റെടുക്കാവുന്ന

ഭൂമി : 45.05.825 ഏക്കർ

മിച്ചഭൂമിയായി കോമളപുരം( പഴയ ആര്യാട് സൗത്ത് വില്ലേജ്)

വില്ലേജിൽ ഏറ്റെടുക്കാവുന്ന ഭൂമി : 8.16.000 ഏക്കർ

ആകെ മിച്ചഭൂമിയായി ഏറ്റെടുക്കുന്ന വില്ലേജുകൾ :

എറണാകുളം 45.05.825 ഏക്കർ, കോമളപുരം: 8.16.000 ഏക്കർ

ആകെ ഏറ്റെടുക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം : 53.21.825 ഏക്കർ

ഒഴിവാക്കിയിട്ടുള്ള ഭൂമി

കോഴിക്കോട് നഗരം വില്ലേജ് 2.72.000 ഏക്കർ

താലൂക്ക് : കണയന്നൂർ

വില്ലേജ് : എറണാകുളം

| Sy.No | Sub.No. | Area |
|---|---|---|
| 223 | 1 pt. | 01.00 |
|  | 2 pt. | 00.56 |
| 225 | 2 pt. | 00.90 |
|  | 3 pt. | 15.10 |
|  | 5pt. | 30.60 |
|  | 6pt. | 15.00 |
| 227 | 1 | 08.50 |
|  | 2 | 13.76 |
|  | 3 | 15.78 |
|  | 4 | 87.03 |
|  | 5 | 08.90 |
|  | 6 | 04.45 |
| 228 | 1 | 16.19 |
|  | 3 | 11.73 |
| 239 | 2 pt. | 02.68 |

| | | |
|---|---|---|
| 241 | 1 | 38.04 |
| | 2 | 21.44 |
| 2455 | pt. | 00.90 |
| 2456 | – | 08.29 |
| 2457 | | 10.72 |
| 2458 | – | 03.84 |
| 2459 | – | 06.68 |
| 2460 | – | 05.67 |
| 2461 | – | 41.28 |
| 2533 | – | 00.48 |
| 2534 | – | 04.40 |
| 2739 | – | 01.21 |
| 2740 | – | 00.44 |

ആകെ : 03.75.57 ( 9 Acre 28 Cent

<u>എറണാകുളം വില്ലേജ് ഭൂമി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ അതിരുകൾ</u>

കിഴക്ക് : ഇന്ത്യൻ റെയിൽവേ വക ഭൂമി

വടക്ക് : 1.ചാത്യാത്ത് – ഗ്രോശ്രീ റോഡ്.2. BPCL വക ഭൂമി

3. സർവ്വെ 216, 1177, 1089, 2742, 2741 എന്നീ നമ്പറിൽപ്പെട്ട ഭൂമികൾ

പടിഞ്ഞാറ് : 1. ഹിന്ദുസ്ഥാൻ ലിവർ കമ്പനിക്ക് Exemption ചെയ്തു കൊടുത്ത 09.ഏക്കർ 2.8 സെന്റ് ഭൂമി. BPCL വക ഭൂമി

തെക്ക് : 1. ഇന്ത്യൻ റെയിൽവേ വക ഭൂമി

2. BPCL വക ഭൂമി

<u>കോമളപുരം വില്ലേജ് (പഴയ ആര്യാട് സൗത്ത്, ആലപ്പുഴ ജില്ല) ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ അതിരുകൾ</u>

65

കിഴക്ക് : 1. PWD റോഡ്,

2. പ്രസിഡന്റ്, AITUC Spinning Mill തൊഴിലാളി യൂണിയൻ

3. ചെറിയാൻ പുത്തൻപുരയ്ക്കൽ

4. മനാഫ്, റെജി സ്ററുഡിയോ

5.മഹിധരൻ , പുത്തൻപറമ്പിൽ

6. മോഹനൻ , പുത്തൻപറമ്പിൽ

7. അജയൻ, കുഞ്ഞിട്ടശ്ശേരിയിൽ

8. രത്നമ്മ , പുത്തൻപറമ്പിൽ

9. സുരേഷ്, പുത്തൻപറമ്പിൽ

10. നാളത് തോട്.

വടക്ക് : പഞ്ചായത്ത് വക റോഡ്.

പടിഞ്ഞാറ് : പഞ്ചായത്ത് വക റോഡ്.

തെക്ക് : 1. സഞ്ജീവ്, കുററിക്കാട്ട് വെളി

2. മനീഷ്, കുററിക്കാട്ട് വെളി.

3. ബീന, കുററിക്കാട്ട് വെളി.

4. സിദ്ധാർത്ഥൻ, കുററിക്കാട്ട് വെളി.

5. വിനോദ്, പുത്തൻപറമ്പിൽ

SUB DIVISIONAL MAGISTRATE * FORT COCHIN

കണയന്നൂർ താലൂക്ക് ലാന്റ്
CHAIRMAN ബോർഡ് ചെയർമാൻ &
TALUK LAND BOARD സബ്ബ് കളക്ടർ,
KANAYANNUR ഫോർട്ട് കൊച്ചി

മാനേജർ ഹിന്ദുസ്ഥാൻ ലിവർ കമ്പനി ടാററാപുരം എറണാകുളം

പകർപ്പ്:

1. അഡ്വക്കേററ് ജനറൽ കേരള ഹൈക്കോടതി എറണാകുളം
2. പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്, തിരുവനന്തപുരം
3. സെക്രട്ടറി ലാൻഡ് ബോർഡ് തിരുവനന്തപുരം
4. ലാൻഡ് റവന്യൂ കമ്മീഷണർ, പബ്ളിക്ക് ഓഫീസ് ബിൽഡിംഗ്,

തിരുവനന്തപുരം
5. ജില്ലാ കളക്ടർ എറണാകുളം/ആലപ്പുഴ/ കോഴിക്കോട്.
6. തഹസിൽദാർ കണയന്നൂർ/അമ്പലപ്പുഴ/കോഴിക്കോട്.
7. വില്ലേജ് ഓഫീസർ എറണാകുളം/ കോഴിക്കോട് നഗരം/കോമളപ്പുരം.
8. സബ് രജിസ്ട്രാർ ഓഫീസ്, എറണാകുളം/ ആലപ്പുഴ.

655

# Form No.5
## Extract of order under section 85(5)(c)
## In the Taluk land board kanayannur
### General

- Number assigned to the case by the taluk land board : 12445/15
- Name and address of the adult unmarried person/ members of the family/ other person to whom the order relates : Hindustan Lever Ltd (By manager )Tatapuram Ernakulam.
- total extent of the land owned, held and possessed under a mortgage: 65.21.825 acres (12 Acres)
- total extent of land to which exemption under section 81 applies : NA
- ceiling area applicable to the person to whom the order relates : 10 standard acres (12Acres)
- extent of land to be surrendered : 53.21.825 Acres
- extent of land, if any taken possession under section 86(5) : NA
- balance extent if any to be surrendered. : 53.21.825 Acres

### PART A

Details of total extent ( in acres and cents ) of lands ( including lands exempt under section 81 and lands voluntarily transferred after 15-09-1963 and in respect of which the transfer is treated as invalid under section 84 ) owned, held and possessed under mortgage

1.Taluk (A) Kozhikode
2.village : Nagaram Village
3.Sy no and Sub – division No. T.S.13-7-182, 183, 184
4.Extent and as far as practicable description sufficient to identify the lands ( where in respect of any land any voluntary transfer is treated as invalid under section 84, the name of the registry and the year and no of the document effecting such transfer should be specified and the words invaliid under section 84 noted aganist such description .)2.72.000 Acres.
Classification according to schedule II to the Act

1. Taluk : (B) ) Ambalapuzha

2.Village : Komalapuram Village
3.Sy no and Sub – division No Block 7, Resy 305/7
4. Extent and as far as practicable description sufficient to identify the lands ( where in respect of any land any voluntary transfer is treated as invalid under section 84, the name of the registry and the year and no of the document effecting such transfer should be specified and the words invaliid under section 84 noted aganist such description ) : 8.16.000 Acres.
5. Classification according to schedule II to the Act

1. Taluk : (C)Kanayannoor

2.Village : Ernakulam

215/1,2,3,4,5,9,11,13, 217/1,2. 218/1,2,3,4,5,6,7,8,9. 219/1,2,3. 220/1,2,3,4. 221/1,2,3,4. 222/1,2. 223/1, 2. 224/1,2,3,4,5,6,7,8,9,10,11,12,13. 225/1,2,3,4,5,6, 226/1,2,3.227/1,2,3,4,5,6,. 228/1,3. 238/1,2,3. 239/1,2 241/1,2. 242/1,2,3,4,5,6,7,8,9,10,11. 243/2,3,4.244/1,2,3,4,5. 245/1,2,3. 246/1,2,3,4. 247/1,2,3,.. 248/1,2,3. 249/1,2,3. 250/1. 251, 252/1,2,3. 253. 254/1,2.1089, 1220, 2449, 2450, 2451, 2452, 2453, 2454, 2455 2456 2457, 2458, 2459, 2460, 2461, 2533, 2534, 2739, 2740, 2741, 2742.

4 . Extent and as far as practicable description sufficient to identify the lands ( where in respect of any land any voluntary transfer is treated as invalid under section 84, the name of the registry and the year and no of the document effecting such transfer should be specified and the words "invalid under section 84", noted aganist such description ) : 54.33.825 Acres.

TOTAL AREA : 65.21.825 Acres.

## PART B

Details of land exempted under section 81 (1) and (3)

Taluk :

village :

Sy no and Sub – division No.

Extent ( in acres and cents ) with description ( to the extent practicable ) sufficient to identify the lands

Reason for exemption : NA

## PART C

Details of extent of land taken possession under section 86(5)

Taluk

village

Sy no and Sub – division No.

Extent with sufficient description ( to the extent practicable) to identify the land

659

## PART D

Particulars of the extent ( in acres and cents )and identify of the lands to be surrendered after excluding lands taken possession under section 86 (5)
1.Taluk (A) Ambalapuzha
2.village : Komalapuram
3.Sy no and Sub – division No. Resy. 305/7 n
4.Extent with description sufficient to identify the lands: 3.27.750 Hectres (8.16.000 Acres)

**Land Bourdaries**

East : 1. PWD Road

2. President , AITUC Spinning Mill Labour Union

3. Cherian Puthenpurakkal

4. Manaf Reji Studio

5. Mahidharan Puthenparambil

6.Mohanan, Puthenparambil

7.Ajayan, Kunjittasseril

8.Ratnamma ,Puthenparambil

9.Suresh, Puthenparambil

10 Presently Thodu

North : Panchayth Road

West : Panchayth Road

South : 1.Sanjeev, Kuttikkattu Veli

2. Maneesh, Kuttikkattu Veli

3. Beena Kuttikkattu Veli

5. Whether owned and held or owned but not held or held but not owned or

possessed under a mortgage ( where any land is possession of a person by virtue of or claiming under a transfer invalid under section 84 the transferor is to be treated as person in possession ) : NA

6.Name and Address of the person bound to surrendered and to whom notice under section 86(1) is to be sent

1. Taluk : (B) Kanayannoor
2. Village : Ernakulam

215/1,2,3,4,5,9,11,13, 217/1,2. 218/1,2,3,4,5,6,7,8,9. 219/1,2,3. 220/1,2,3,4. 221/1,2,3,4. 222/1,2. 223/1pt 2pt. 224/1,2,3,4,5,6,7,8,9,10,11,12,13. 225/1 2pt3pt,4 5pt 6pt, 226/1,2,3.,6,. . 238/1,2,3. 239/1, 2pt 242/1,2,3,4,5,6,7,8,9,10,11. 243/2,3,4. 244/1,2,3,4,5. 245/1,2,3. 246/1,2,3,4. 247/1,2,3,.. 248/1,2,3. 249/1,2,3. 250/1. 251, 252/1,2,3. 253. 254/1,2.1089, 1220, 2449, 2450, 2451, 2452, 2453, 2454, 2455pt , 2741, 2742.

4.Extent with description sufficient to identify the lands : 45.05.825 Acres (18.2351 Hectares) (As per measurement 17.7936 Hectares) You are hereby directed to surrender the same to Taluk Land Board Chairman, Kanayannoor.before the expiry of seven ..days from the date of service of the notice.

East : Land belongs to Indian Railway

:North 1. Chathaiath Goshree Road

2.Land belongs to BPCL

3. Property of Survey Nos. 216, 1177, 1089, 2742, 2741

West : 1. Remaining exemption land Hindustan Lever (9Acres .28 cents )

663

West : 1. Remaining exemption land Hindustan Lever

(9Acres .28 cents )

South : 1. Land belongs to Indian Railway

2. Land belongs to BPCL

5. Whether owned and held or owned but not held but now owned or possessed under a mortage (where any I land is in possession of a nperson by virtue of or claiming under a transfer invalid under section 84 the transfer is to be treated as person in possession ) : NA

6. Name(S) and addfress(es) of the person (s) bouond to surrender and to whom notice under section 86(1) is to be sent ....... Hindustan Lever Limited

place: FortKochi
Date : 22.09.2020

By order of the kanayannur taluk land board

CHAIRMAN
TALUK LAND BOARD
KANAYANNUR